LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാൻ നടപടി

10 [1111] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനമായ തിരുവനന്തപുരത്ത് ഐ.ഐ.ടി., ഐ.ഐ.എം. പോലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും ഇതുവരെ സ്ഥാപിക്കാൻ കഴിയാത്തതിനാൽ നിലവിലുള്ള ഐ.ഐ.എം.-ന്റെ ഏതെങ്കിലും കേന്ദ്രം തിരുവനന്തപുരത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഐ.ഐ.എം.-ന്റെ കൂടുതൽ ക്യാമ്പുകൾ തുടങ്ങാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) നിർദ്ദേശം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

ആഗോള വിദ്യാഭ്യാസ സമ്മേളനത്തിന്റെ ചെലവ്

11 [1112] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന് എന്ത് തുകയാണ് ആകെ ചെലവ് പ്രതീക്ഷിച്ചത് ;

(ബി) യഥാർത്ഥത്തിൽ ചെലവിട്ട തുക എത്രയാണ് ;

(സി) ഈ സംഗമത്തിന്റെ ചെലവിലേക്കായി സംസ്ഥാന സർക്കാരിൽ നിന്നല്ലാതെ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അന്താരാഷ്ട്ര വിദ്യാഭ്യാസ സംഗമത്തിന് സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) മൊത്തം ചെലവ് കണക്കാക്കി വരുന്നു.

(സി) ഇല്ല

ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റിന്റെ നേട്ടങ്ങൾ

12 [1113] ശ്രീ. ടി. എം. ജേക്കബ് :

" ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിൽ നടന്ന ഇന്റർനാഷണൽ എഡ്യൂക്കേഷൻ മീറ്റിന്റെ ഫലമായി കേരളത്തിന് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായി ;

(ബി) ഈ മീറ്റിൽ പങ്കെടുത്ത ഏജൻസികൾ ഏതെല്ലാം ; എത്ര ആളുകൾ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഈ മീറ്റിൽ പങ്കെടുത്തത് ;

(ഡി) ഈ പരിപാടി സംഘടിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാരിന് എന്തു തുക ചെലവായി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനും വിദേശ സർവ്വകലാശാല സ്ഥാപനങ്ങളുമായി സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും സ്ഥാപനങ്ങൾക്കും സഹകരണം ഉണ്ടാക്കാനും സാമൂഹ്യനീതിയിലും തുല്യതയിലും, സുതാര്യതയിലും അടിസ്ഥാനപ്പെടുത്തി അർഹമായവർക്കെല്ലാം ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള നയം ആവിഷ്ക്കരിക്കാനും നടപ്പാക്കാനും വിദേശ വിദ്യാർത്ഥികളെ ആകർഷിക്കുവാനും ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തുവാനുമുള്ള നിർദ്ദേശങ്ങൾ ക്രോഡീകരിക്കുവാൻ കഴിഞ്ഞു. അവ നടപ്പിലാക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(ബി) ആകെ 599 പ്രതിനിധികൾ പങ്കെടുത്തു. വിദേശ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) യു.എസ്.എ., യു. കെ., യു.എ.ഇ., ടാൻസാനിയ, ശ്രീലങ്ക, സ്പെയിൻ, ഫിലിപ്പൈൻസ്, പാലസ്തീൻ, ഒമാൻ, നെതർലാന്റ്സ്, മൊസാംബിക്, മലേഷ്യ, കെനിയ, ഇറാൻ, ഹംഗറി, ഫ്രാൻസ്, കാനഡ, ബെൽജിയം, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ മീറ്റിൽ പങ്കെടുത്തു.

(ഡി) സർക്കാർ 1.25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അന്തിമ ചെലവ് കണക്കാക്കിയിട്ടില്ല.

ആഗോള വിദ്യാഭ്യാസ മേളയിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ

13 [1114] ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ സംഘടിപ്പിക്കുന്ന ആഗോള വിദ്യാഭ്യാസ മേളയിൽ ഏതൊക്കെ വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെടുന്നത് ;

(ബി) ഈ മേളയിൽ അവതരിപ്പിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തെ വിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) കേരള സർക്കാരിന്റെ വിദ്യാഭ്യാസ കാഴ്ചപ്പാട് മേളയിൽ അവതരിപ്പിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly